കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - നീണ്ടൂർ ഗ്രാമപഞ്ചായത്ത് - 2011-2012 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3(1) ,3.3(2)- തടസ്സപ്പെടുത്തിയ തുക സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.464/2022/തസ്വഭവ.** **തിരുവനന്തപുരം, തീയതി.25/02/2022**

പരാമർശം:-1. സ.ഉ(എം.എസ്)183/07/തസ്വഭവ,തീയതി-24/07/2007

2. 30/12/2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-36278/17 നമ്പർ കത്ത്.

3. 14/05/2018-ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ/4399/ പി.റ്റി1 /18 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011--2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3(1) പ്രകാരം 1,00,000/--രൂപയും (ഒരു ലക്ഷം രൂപ മാത്രം), ഖണ്ഡിക 3.3(2) പ്രകാരം 1,50,000/-(ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)രൂപയും ചെലവഴിച്ചത്പരാമർശം (1)പ്രകാരമുള്ള സർക്കാർ ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ടി തുക ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ വനിതാമത്സ്യതൊഴിലാളികൾക്ക് വിപണന ഉപകരണങ്ങൾ നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യമെന്നും എന്നാൽ പരാമർശം (1)പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിബന്ധകളിൽ മത്സ്യവിപണനത്തിന് ചരുവം വാങ്ങുവാൻ സബ്സിഡി നൽകുന്നതിന് പ്രത്യേകം വ്യവസ്ഥയില്ലാത്തതിനാലാണ് ഖണ്ഡിക 3.3(1) പ്രകാരം 1,00,000/-(ഒരു ലക്ഷം രൂപ മാത്രം)രൂപയും, ഖണ്ഡിക 3.3(2) പ്രകാരം 1,50,000/-(ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരമുള്ള കത്തിലൂടെ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. സമൂഹത്തിന്റെ താഴെതട്ടിലുള്ള മത്സ്യതൊഴിലാളികൾക്ക് സഹായമാകുക എന്നതുമാത്രമായിരുന്നു ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യമെന്നും സ്വയംതൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിൽ സഹായിക്കുക എന്നതായിരുന്നു പഞ്ചായത്തിന്റെ ഉദ്ദേശ്യമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വനിതാമത്സ്യതൊഴിലാളികൾക്ക് വിപണന ഉപകരണം എന്ന നിലയ്ക്ക് ചരുവങ്ങൾ വാങ്ങി നൽകിയത് വഴി ഈ ലക്ഷ്യം നല്ല രീതിയിൽ പൂർത്തീകരിച്ചുവെന്നും ആയതിനാൽ മേൽതുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യവിപണനം ഉപജീവനമാക്കിയ നിരവധിയാളുകൾ ഉണ്ടെന്നും, സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാർക്ക് ആസ്തികൾ സൃഷ്ടിക്കാൻ സഹായിക്കുക എന്നുള്ളതായിരുന്നു പഞ്ചായത്തിന്റെ ടി പ്രോജക്ടിന്റെ ഉദ്ദേശ്യമെന്നും, ഈ ലക്ഷ്യം നിറവേറ്റപ്പെട്ടുവെന്നും പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ഉത്തമബോധ്യമുണ്ടെന്നും, വള്ളത്തിന്റെയും വലയുടെയും വിഹിതം വർഷം തോറും ക്ഷേമനിധിയിൽ അടയ്ക്കുന്നവരെ മാത്രമാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും, ഓരോ

വ്യക്തികളും ഉൾപ്പെടുന്ന ഗ്രൂപ്പിനാണ് പദ്ധതി ആനുകൂല്യം നൽകിയതെന്നും, പദ്ധതി നല്ല രീതിയിൽ പൂർത്തീകരിച്ചെന്നതുമടക്കമുള്ള നീണ്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20/04/2016-ലെ 15(ബി) നമ്പർ തീരുമാനം, കോട്ടയം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13 (എ,ബി) നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ച് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം(3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനും സുരക്ഷയ്ക്കും ആയിരുന്നുവെന്ന വസ്തുതയും, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്. പഞ്ചായത്ത് ഭരണസമിതി, ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ചും നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ 2011--2012 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.3(1) (ഒരു ലക്ഷം രൂപ മാത്രം) &3.3(2) (ഒരു ലക്ഷത്തി അൻപതിനായിരം രൂപ)പ്രകാരം തടസ്സപ്പെടുത്തിയ ആകെ 2,50,000/-രൂപയ്ക്ക്(രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, നീണ്ടൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**